**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 212** | **12-07-2022 - ൽ മറുപടിയ്ക്ക്**

**ഇക്കോ സെൻസിറ്റീവ് സോണുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി കെ.കെ.രമ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഇക്കോ സെൻസിറ്റീവ് സോണുകൾ സംബന്ധിച്ച വിഷയത്തിൽ സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ; | (എ) | 08.05.2013 ലെയും 23.10.2019 ലെയും മന്ത്രിസഭാ യോഗ തീരുമാനപ്രകാരങ്ങൾ ഇക്കോ സെൻസിറ്റീവ് സോണുകൾ നിശ്ചയിച്ചുകൊണ്ടുള്ള നിർദ്ദേശങ്ങൾ യഥാക്രമം 2015-ലും 2020-ലും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ ഈ നിർദ്ദേശങ്ങളിൽ ഒന്ന് ഒഴികെ മറ്റൊന്നും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടില്ല. മതികെട്ടാൻ ഷോല ദേശീയോദ്യാനത്തിന്റെ ഇക്കോ സെൻസിറ്റീവ് സോണിനു മാത്രം 28.12.2020-ൽ അംഗീകാരം ലഭിച്ചു. കരട് വിജ്ഞാപനങ്ങളിൽ വന്ന നിർദ്ദേശങ്ങളിൽ ജനവാസ മേഖല ഉൾപ്പെട്ടതിനാൽ ജനവാസ മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ / പൊതു സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെയും ഒഴിവാക്കിക്കൊണ്ട് ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിനുള്ള കരട് ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയതു കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലാണ്.<br><br>ബഹു.സുപ്രീം കോടതിയുടെ, 03-06-2022-ലെ IA 1000/2003 നമ്പർ വിധിയുടെ അടിസ്ഥാനത്തിൽ, ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും, ബഹു.സുപ്രീം കോടതിയുടെ വിധിയിൽ നിർദ്ദേശിക്കുന്ന പ്രകാരം, സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ. പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുവാൻ തീരുമാനിക്കുകയുണ്ടായി. |

ടി യോഗ തീരുമാന പ്രകാരം ഒരു കിലോ മീറ്റർ പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെന്ററി (KSREC)നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ നിലവിലുള്ള ഇക്കോ സെൻസിറ്റീവ് സോൺ നിർദ്ദേശങ്ങൾ CECയ്ക്കും കൂടി സമർപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

കേരളത്തിന്റെ ഭൂവിസ്തൃതി, ഭൂമി ശാസ്ത്രപരമായ പ്രത്യേകതകൾ, വനമേഖലാ വിസ്തൃതി, ജനസാന്ദ്രത തുടങ്ങിയ പ്രത്യേക സഹചര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ESZ-ൽ നിന്നും ജനവാസ മേഖലകളെ ഒഴിവാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് വനം വന്യജീവി വകുപ്പുമന്ത്രി കേന്ദ്ര പരിസ്ഥിതി വനം മന്ത്രിക്ക് 22.06.2022-ൽ കത്തയച്ചിട്ടുണ്ട്.

സംരക്ഷിത മേഖലയ്ക്കു ചുറ്റും ഒരു കി.മീ. ഇക്കോ സെൻസിറ്റീവ് സോൺ വേണമെന്ന വ്യവസ്ഥയിൽ കേരളത്തിനു പ്രത്യേക ഇളവ് വേണമെന്ന് കേന്ദ്ര വനം മന്ത്രി ശ്രീ.അശ്വനി കുമാർ ചൗബെയോട് 18.06.2022 ൽ നടന്ന ചർച്ചയിൽ കേരള വനം വകുപ്പ് ആവശ്യപ്പെട്ടിരുന്നു. ഇതര സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായ സാഹചര്യമാണ് കേരളത്തിന്റേതെന്നും, ആയതിനാൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കിയതും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ പരിഷ്കരിച്ച ശുപാർശകൾ പരിഗണിച്ച് അന്തിമ വിജ്ഞാപനം ഇറക്കണമെന്നും കേന്ദ്ര വനം മന്ത്രിയോട് സംസ്ഥാന വനം വകുപ്പ് അഭ്യർത്ഥിക്കുകയും വിദഗ്ധ സമിതി യോഗങ്ങൾ ഉൾപ്പെടെയുള്ളവ പൂർത്തിയാക്കിയാണ് ശുപാർശ നൽകിയതെന്നും അവലോകന യോഗത്തിൽ വനം വകുപ്പ് ബഹു. കേന്ദ്ര വനംമന്ത്രിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | ബഹു. സുപ്രീം കോടതിയുടെ വിധിയിന്മേൽ കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശം 24-06-2022-ൽ സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന് നൽകുകയും റിവ്യൂ/മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിന് ആവശ്യമായ വിവരങ്ങൾ 29-06-2022-ൽ അഡ്വക്കേറ്റ് ജനറലിന് കൈമാറുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു.സുപ്രീം കോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ബഹു.മുഖ്യമന്ത്രി തലത്തിൽ 30.06.2022-ന് ഉന്നതതല യോഗം ചേർന്ന് വിഷയം വിശദമായി ചർച്ച ചെയ്യുകയുണ്ടായി. അപ്രകാരം നിയമനിർമ്മാണത്തിനുള്ള സാധ്യത കൂടി പരിശോധിക്കാൻ അഡ്വക്കേറ്റ് ജനറലിനോട് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, യോഗതീരുമാന പ്രകാരം ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്യുന്ന മോഡിഫിക്കേഷൻ പെറ്റീഷന്റെ ആവശ്യാർത്ഥം പ്രസക്തമായ അടിസ്ഥാന വിവരങ്ങൾ (ഡാറ്റാസ്) ശേഖരിക്കുന്നതിനായി 4.7.2022-ൽ റവന്യൂ തദ്ദേശ സ്വയംഭരണം, വനം എന്നീ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്ത് സമയബന്ധിതമായി വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഇത്തരത്തിൽ കാര്യക്ഷമമായ ഇടപെടലുകൾ സംസ്ഥാന സർക്കാർ നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഇടപെടൽ കാര്യക്ഷമമായിരുന്നോയെന്ന് വ്യക്തമാക്കാമോ; | (ബി) | 08.05.2013 ലെയും 23.10.2019 ലെയും മന്ത്രിസഭാ യോഗ തീരുമാനപ്രകാരങ്ങൾ ഇക്കോ സെൻസിറ്റീവ് സോണുകൾ നിശ്ചയിച്ചുകൊണ്ടുള്ള നിർദ്ദേശങ്ങൾ യഥാക്രമം 2015-ലും 2020-ലും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ ഈ നിർദ്ദേശങ്ങളിൽ ഒന്ന് ഒഴികെ മറ്റൊന്നും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടില്ല. മതികെട്ടാൻ ഷോല ദേശീയോദ്യാനത്തിന്റെ ഇക്കോ സെൻസിറ്റീവ് സോണിനു മാത്രം 28.12.2020-ൽ അംഗീകാരം ലഭിച്ചു. കരട് വിജ്ഞാപനങ്ങളിൽ വന്ന |

നിർദ്ദേശങ്ങളിൽ ജനവാസ മേഖല ഉൾപ്പെട്ടതിനാൽ ജനവാസ മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ / പൊതു സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെയും ഒഴിവാക്കിക്കൊണ്ട് ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിനുള്ള കരട് ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയതു കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലാണ്.

ബഹു.സുപ്രീം കോടതിയുടെ, 03-06-2022-ലെ IA 1000/2003 നമ്പർ വിധിയുടെ അടിസ്ഥാനത്തിൽ, ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും, ബഹു.സുപ്രീം കോടതിയുടെ വിധിയിൽ നിർദ്ദേശിക്കുന്ന പ്രകാരം, സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ, പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുവാൻ തീരുമാനിക്കുകയുണ്ടായി.

ടി യോഗ തീരുമാന പ്രകാരം ഒരു കിലോ മീറ്റർ പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെന്ററി (KSREC)നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ നിലവിലുള്ള ഇക്കോ സെൻസിറ്റീവ് സോൺ നിർദ്ദേശങ്ങൾ CECയ്ക്കും കൂടി സമർപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

കേരളത്തിന്റെ ഭൂവിസ്തൃതി, ഭൂമി ശാസ്ത്രപരമായ പ്രത്യേകതകൾ, വനമേഖലാ വിസ്തൃതി, ജനസാന്ദ്രത തുടങ്ങിയ പ്രത്യേക സഹചര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ESZ-ൽ നിന്നും ജനവാസ മേഖലകളെ ഒഴിവാക്കാൻ ആവശ്യപ്പെട്ടുകൊണ്ട്

വനം വന്യജീവി വകുപ്പുമന്ത്രി കേന്ദ്ര പരിസ്ഥിതി വനം മന്ത്രിക്ക് 22.06.2022-ൽ കത്തയച്ചിട്ടുണ്ട്.

സംരക്ഷിത മേഖലയ്ക്കു ചുറ്റും ഒരു കി.മീ. ഇക്കോ സെൻസിറ്റീവ് സോൺ വേണമെന്ന വ്യവസ്ഥയിൽ കേരളത്തിനു പ്രത്യേക ഇളവ് വേണമെന്ന് കേന്ദ്ര വനം മന്ത്രി ശ്രീ.അശ്വനി കുമാർ ചൗബെയോട് 18.06.2022 ൽ നടന്ന ചർച്ചയിൽ കേരള വനം വകുപ്പ് ആവശ്യപ്പെട്ടിരുന്നു. ഇതര സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായ സാഹചര്യമാണ് കേരളത്തിന്റേതെന്നും, ആയതിനാൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കിയതും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ പരിഷ്കരിച്ച ശുപാർശകൾ പരിഗണിച്ച് അന്തിമ വിജ്ഞാപനം ഇറക്കണമെന്നും കേന്ദ്ര വനം മന്ത്രിയോട് സംസ്ഥാന വനം വകുപ്പ് അഭ്യർത്ഥിക്കുകയും വിദഗ്ധ സമിതി യോഗങ്ങൾ ഉൾപ്പെടെയുള്ളവ പൂർത്തിയാക്കിയാണ് ശുപാർശ നൽകിയതെന്നും അവലോകന യോഗത്തിൽ വനം വകുപ്പ് ബഹു. കേന്ദ്ര വനംമന്ത്രിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ബഹു. സുപ്രീം കോടതിയുടെ വിധിയിന്മേൽ കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശം 24-06-2022-ൽ സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന് നൽകുകയും റിവ്യൂ/മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിന് ആവശ്യമായ വിവരങ്ങൾ 29-06-2022-ൽ അഡ്വക്കേറ്റ് ജനറലിന് കൈമാറുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു.സുപ്രീം കോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ബഹു.മുഖ്യമന്ത്രി തലത്തിൽ 30.06.2022-ന് ഉന്നതതല യോഗം ചേർന്ന് വിഷയം വിശദമായി ചർച്ച ചെയ്യുകയുണ്ടായി. അപ്രകാരം നിയമനിർമ്മാണത്തിനുള്ള സാധ്യത കൂടി പരിശോധിക്കാൻ അഡ്വക്കേറ്റ് ജനറലിനോട് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, യോഗതീരുമാന പ്രകാരം

| | | | |
|---|---|---|---|
| | | | ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്യുന്ന മോഡിഫിക്കേഷൻ പെറ്റീഷന്റെ ആവശ്യാർത്ഥം പ്രസക്തമായ അടിസ്ഥാന വിവരങ്ങൾ (ഡാറ്റാസ്) ശേഖരിക്കുന്നതിനായി 4.7.2022-ൽ റവന്യൂ തദ്ദേശ സ്വയംഭരണം, വനം എന്നീ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്ത് സമയബന്ധിതമായി വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഇത്തരത്തിൽ കാര്യക്ഷമമായ ഇടപെടലുകൾ സംസ്ഥാന സർക്കാർ നടത്തിയിട്ടുണ്ട്. |
| (സി) | ഇക്കോ സെൻസിറ്റീവ് സോണുകൾ സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ അഭിപ്രായം സെൻട്രൽ എംപവേർഡ് കമ്മിറ്റിയെയും പരിസ്ഥിതി, വനം, കാലാവസ്ഥ മന്ത്രാലയത്തെയും അറിയിക്കണമെന്നും ഇതിന്റെ അടിസ്ഥാനത്തിൽ കോടതി ഉചിതമായ നടപടികൾ സ്വീകരിക്കുമെന്നും ഇതുസംബന്ധിച്ച സുപ്രീം കോടതി വിധിയിൽ പ്രതിപാദിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | ബഹു. സുപ്രീം കോടതിയുടെ, 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ, ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും, ബഹു.സുപ്രീം കോടതിയുടെ വിധിയിൽ നിർദ്ദേശിക്കുന്ന പ്രകാരം, സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ, പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും, നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ, ബഹു.സുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി, അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും, ബഹു.സുപ്രീം കോടതിയുടെ ഉത്തരവിന്മേൽ, റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും, കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ, കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും, ബഹു.സുപ്രീം കോടതിയെയും ബോദ്ധ്യപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.<br><br>ബഹു.സുപ്രീം കോടതിയുടെ വിധിയിന്മേൽ കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾ |

| | | | |
|---|---|---|---|
| | | | കണക്കിലെടുത്ത് റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശം 24-06-2022-ൽ സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന് നൽകുകയും റിവ്യൂ/മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിന് ആവശ്യമായ വിവരങ്ങൾ 29-06-2022-ൽ അഡ്വക്കേറ്റ് ജനറലിന് കൈമാറുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു. സുപ്രീം കോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ